(ബി) അറിയാമെങ്കിൽ അതിലേക്കു വേണ്ട സത്വരനടപടികൾ എടുക്കുമോ?

HON'BLE MR. V. O. MARKOS : (a) Yes.

(b) Yes.

സർക്കാർ സ്ഥാപനങ്ങളുടെ പരിശോധന.

102. MR. P. C. GEORGE : താഴെകാണുന്ന ചോദ്യത്തിന് സക്കാർ വക സ്ഥാപനങ്ങളുടെ പരിശോധന വഹിക്കുന്നതിൽ ചുമതലപ്പെട്ട ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

പത്തനംതിട്ടയുള്ള എല്ലാ സക്കാർ സ്ഥാപനങ്ങളും പരിശോധനാധികാരികൾ കൂടക്കൂടെ മുന്നറിവു കൊടുക്കാതെ പരിശോധിക്കുവാൻ വേണ്ട ഏർപ്പാട് ചെയ്യുമോ?

HON'BLE MR. T. K. NARAYANA PILLAI : വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാം.

കൃഷിക്കാർക്കു വളത്തിന്റെ പോരായ്മ.

103. MR. P. C. GEORGE : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹു. മന്ത്രി സദയം മറുപടി നൽകുമോ?

(എ) കൃഷിക്കാർക്കു ആവശ്യമുള്ളിടത്തോളം വളം കിട്ടുന്നില്ലെന്നു ഗവണ്മെൻറിനറിയാമോ?

(ബി) അറിയാമെങ്കിൽ ആ ദുഷ്യം ദൂരീകരിക്കാൻ ഗവണ്മെൻറ് എന്തു നടപടികളെടുത്തു? എന്തു നടപടികളെടുക്കാൻ പോകുന്നു എന്നു പറയാമോ?

(സി) കൂടുതൽ വളം കൊടുക്കുകയും ഡിപ്പോകൾ സ്ഥാപിക്കുകയും ചെയ്യുമോ എന്നു പറയാമോ?

HON'BLE MR. V. O. MARKOS : (a) Yes.

(b) Large quantities of Ammonium Sulphate, Super Phosphate, Calcium Carbonate, etc. produced at the Fertiliser Factory, Alwaye, are being distributed in the State. Bonemeal, groundnut cake, etc. are being procured from outside the State and distributed here. Municipalities are producing compost manure for which Government are giving bonus. Steps are also being taken for production of compost manure on a country-wide basis, and a Special Officer has been appointed for the purpose.

(c) Yes.

LIBRARY ARCHIVES Kerala Legislative Assembly